Bridges—Ernakulam-Mattancheri and Kottappuram.

438. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) എറണാകുളം, മട്ടാഞ്ചേരി, കോട്ടപ്പുറം ഈ സ്ഥലങ്ങളിൽ ഉള്ള പാലങ്ങൾ വളരെ ഉയരം കുടിയവയും, യാത്രക്കാക്ക കയറി ഇറങ്ങുന്നതിന് സൌകര്യമില്ലാത്തവയും അല്ലേ;

(b) ജെട്ടികളിൽ ബോട്ടുകൾ കെട്ടി ഇടുന്നതിനു സൌകര്യം തീരെ പോരാത്തതുനിമിത്തം ബോട്ടുകൾക്ക് കേടുവരുന്നതായി ഗവൺമെൻറ് അറിഞ്ഞിട്ടുണ്ടോ;

(c) ടി കാര്യത്തിൽ എന്തു ചെയ്യാനാണ് ഗവൺമെൻറ് ഭാവിയ്ക്കുന്നത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) എറണാകുളത്തും മട്ടാഞ്ചേരിയിലും ഉള്ള പാലങ്ങൾ (ജെട്ടികൾ) വളരെ ഉയരം കുടിയവയല്ല. എന്നാൽ കോട്ടപ്പുറത്തുള്ള പാലം കുറച്ച് അസൌകര്യം ഉണ്ടായേക്കാവുന്ന വിധം പൊക്കമുള്ളതുകൊണ്ട് അസൌകര്യം കുറയ്ക്കുന്നതിന് ഏർപ്പാട് ചെയ്യുന്നുണ്ട്.

(b) ഉവ്വ്; ഇതിനെ സംബന്ധിച്ച നടപടി നടന്നുവരുന്നുണ്ട്.

(c) മേൽപറഞ്ഞ മറുപടികളാൽ ഈ ചോദ്യത്തിന് വേറെ ഉത്തരം ആവശ്യമില്ല.

Jayalekshmi Boat.

439. മിസ്റ്റർ കെ. എം. ഇബ്രാഹിം:—(എ) ചിങ്കം ൨൦-ാംനു പടിയൂർ നിന്നും എറണാകുളത്തേയ്ക്ക് ലയിൻ പോയ ജയലക്ഷ്മി ബോട്ട് കോട്ടപ്പുറത്തു വെച്ച് സസ്പെണ്ടുചെയ്തതിലുണ്ടായിരുന്ന യാത്രക്കാരെ ബുദ്ധിമുട്ടിയ്ക്കുവാൻ കാരണമെന്ത്;

(൨) ലയിൻ പോകുന്ന ബോട്ട് നിസ്സാരകാരണങ്ങൾ പറഞ്ഞും, യാതൊരു മുന്നറിവു കൊടുക്കാതേയും, ലയിൻ ഇടയ്ക്കു നിർത്തിച്ചും യാത്രക്കാരെ ബുദ്ധിമുട്ടിയ്ക്കാമെന്നും റെഗുലേഷൻ പറയുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വകുപ്പ് കാണിയ്ക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(എ) ചിങ്കം ൨൦-ാംനു പടിയൂരിൽനിന്നും എറണാകുളത്തേയ്ക്ക് ലയിൻ പോയ ജയലക്ഷ്മി ബോട്ട് സസ്പെണ്ടുചെയ്തിട്ടില്ല.

(൨) ഇല്ല.

Landing of Boats—Ernakulam and Mattancheri.

440. മിസ്റ്റർ കെ. എം ഇബ്രാഹിം.—(എ) മട്ടാഞ്ചേരിയിലും എറണാകുളത്തും ബോട്ടുകൾ കനാൽ പാലത്തിന്മേൽ അടുത്ത് ആളെ കയറ്റിറക്കു ചെയ്യണമെന്നു നിർബ്ബന്ധമുള്ളതു് ആക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly